പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2744 27.01.2014 -ൽ മറുപടിക്ക്.

ബലരാമൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധിക്കാൻ നിയോഗിച്ച ബലരാമൻ കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധിക്കാൻ നിയോഗിച്ച ബലരാമൻ കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ കമ്മീഷന്റെ ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ ; | (ബി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി ചർച്ച ചെയ്തിട്ടുണ്ട്. ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ 19 മുതൽ 30 വരെയുള്ള ശുപാർശകൾ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ആയത് മൂന്നു വിഭാഗങ്ങളിൽ പ്പെടുന്നതാണ്. വേതന വർദ്ധന, ജോലി സമയം, ട്രെയിനിംഗ്. ഇതിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് വ്യവസായ ബന്ധ സമിതിയിൽ നിരന്തരം ചർച്ചകൾ നടക്കുകയും സമിതിയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ ടി ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിച്ചുകൊണ്ട് സർക്കാരിന്റെ 05.11.2013 ലെ ജി. ഒ. (എം. എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം സർക്കാർ |

വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നഴ്സുമാരുടെ ട്രെയിനിംഗിനെ സംബന്ധിച്ച് വ്യവസായ ബന്ധസമിതി വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. നഴ്സുമാരുടെ ഡ്യൂട്ടി സമയം (ഷിഫ്റ്റ്) സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാർ നിർദ്ദേശപ്രകാരം വ്യവസായബന്ധ സമിതിയില ചർച്ചകൾ നടന്നുവരുന്നു.

| | |
|---|---|
| (സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഏതൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) ബലരാമൻ കമ്മീഷൻെറ നിർദ്ദേശങ്ങളിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ഒന്ന് ഒഴികെയുള്ള വിഷയങ്ങൾ **IRC** യിൽ ചർച്ച ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച വിഷയത്തിൽ വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ വ്യവസായബന്ധ സമിതി ചർച്ച ചെയ്തുവരുന്നു. |

സെക്ഷൻ ആഫീസർ.